**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഖരമാലിന്യ സംസ്കരണം/ഉറവിട മാലിന്യസംസ്കരണം കൂടുതൽ ഫലവത്തായി നടത്തുന്നതിനായി വിവിധകാര്യങ്ങളിൽ അനുമതിനൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 1691/2012/തസ്വഭവ തീയതി, തിരുവനന്തപുരം 21.6.2012

=====================================================================

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. ആയതുമായി ബന്ധപ്പെട്ട് ഖരമാലിന്യസംസ്കരണം/ ഉറവിട മാലിന്യസംസ്കരണം കൂടുതൽ ഫലവത്തായി നടപ്പിലാക്കുന്നതിനായി ചുവടെപ്പറയുന്ന കാര്യങ്ങളിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നഗരപ്രദേശത്ത് മാലിന്യസംസ്കരണത്തിനായുള്ള പൈപ്പ് കമ്പോസ്റ്റ് പദ്ധതി സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് സബ്സിഡിക്ക് പുറമെ 50 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് അക്രഡിറ്റേഷനുള്ള നിർവ്വഹണ ഏജൻസികൾക്ക് അനുവദിക്കാനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു.

2. പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഗുണഭോക്താക്കൾക്ക് 2009 ഷെഡ്യൂൾ ഓഫ് റേറ്റിൽ 6500 രൂപയിൽ നിന്നും 30 ശതമാനം വർദ്ധിപ്പിച്ച് പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിന്റെ സമാനതുകയായി ഉയർത്തി അനുമതി നൽകുന്നു. ഇതിനായുള്ള മാതൃക എസ്റ്റിമേറ്റ് ശുചിത്വമിഷൻ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

3. നഗരപ്രദേശങ്ങളിൽ ആവശ്യാനുസരണം ഹാൻഡ് ഫോഗിംഗ് മെഷീനുകളും, പവർസ്പ്രേകളും അടിയന്തിരമായി സ്റ്റോർ പർച്ചേസ് റൂൾസ് വ്യവസ്ഥകൾ പാലിച്ച് വാങ്ങുന്നതിന് നഗരസഭ/കോർപ്പറേഷനുകൾക്ക് അനുമതി നൽകുന്നു.

....2

4. മഴക്കാലപൂർവ്വ ശുചീകരണ ക്യാംപയിനുമായി ബന്ധപ്പെട്ട് മലിനജലം ഒഴുകുന്ന ഓടകൾ ശുചിയാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ഇനിയും ചെയ്യാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടി പ്രവൃത്തി അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാണ്. പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ ഇക്കാര്യം ഉറപ്പു വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജയിംസ് വർഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷനുകൾക്കും/മുനിസിപ്പാലിറ്റികൾക്കും/പഞ്ചായത്തുകൾക്കും
(നഗരകാര്യ ഡയറക്ടർ/ പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), Kerala,Thiruvananthapuram.
അക്കൗണ്ടന്റ് ജനറൽ (A&E)/(LBA&A), Kerala,Thiruvananthapuram.
പൊതുഭരണ (എസ്.സി) വകുപ്പ്. [18.6.12ലെ ഇനം നം.1836 പ്രകാരം ]
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:- 1) മുഖ്യമന്ത്രിയുടെ പി.എസ്.
2) നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ